**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 11** **23-08-2022 - ൽ മറുപടിയ്ക്ക്**

**ഓണത്തിനുള്ള ഭക്ഷ്യക്കിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഓണത്തോടനുബന്ധിച്ച് വിതരണം ചെയ്യുന്ന ഭക്ഷ്യക്കിറ്റുകൾ തയ്യാറാക്കുന്നതിന്റെ പുരോഗതി വിശദമാക്കാമോ; | (എ) | 01.08.2022 ലെ സ.ഉ.(സാധാ) നം. 273/2022/ ഭ.പൊ.വി.വ നം. ഉത്തരവ് പ്രകാരം 2022 ഓണത്തോടനുബന്ധിച്ച് സൗജന്യ ഭക്ഷ്യക്കിറ്റ് തയ്യാറാക്കി വിതരണത്തിനായി റേഷൻ കടകളിൽ എത്തിച്ച നൽകുന്നതിന് സപ്ലൈകോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് തുണിസഞ്ചിയുൾപ്പെടെ 14 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെടുത്തിയ ഭക്ഷ്യക്കിറ്റുകൾ തയ്യാറാക്കി, റേഷൻ കടകളിൽ എത്തിക്കുന്ന പ്രവൃത്തി പുരോഗമിച്ച വരികയാണ്.<br><br>സംസ്ഥാനത്തുടനീളമുള്ള 1501 വില്പനശാലകളോടനുബന്ധിച്ച് പാക്കിംഗ് സെന്ററുകൾ സജ്ജീകരിച്ചാണ് കിറ്റുകൾ പാക്ക് ചെയ്തുവരുന്നത്. സ്ഥലപരിമിതി ഉള്ള സ്ഥലങ്ങളിൽ പ്രത്യേകമായി ഹാളുകൾ ഏറ്റെടുത്താണ് കിറ്റുകൾ തയാറാക്കി വരുന്നത്. കിറ്റുകൾ പായ്ക്ക് ചെയ്ത് യഥാസമയം റേഷൻ കടകളിലെത്തിക്കുവാനായി ദിവസവേതന തൊഴിലാളികളെയും അധികമായി നിയോഗിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പ് പറയുന്ന ഷെഡ്യൂൾ പ്രകാരം റേഷൻ കടകളിൽ കിറ്റുകൾ വിതരണം ചെയ്യുവാനുള്ള എല്ലാ സജ്ജീകരണവും സപ്ലൈകോ നടത്തി വരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും പ്രയോജനം ലഭിക്കുന്ന തരത്തിലാണോ ഭക്ഷ്യക്കിറ്റിലെ ഇനങ്ങൾ തീരുമാനിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കൃഷിക്കാർക്കും പ്രയോജനകരമായ രീതിയിലാണ് സൗജന്യ ഭക്ഷ്യ കിറ്റിലെ ഇനങ്ങൾ (ഏലക്ക, കശുവണ്ടി, തേയില, നെയ്യ് മുതലായവ) തീരുമാനിച്ചിട്ടുള്ളത്. ഇവ സംസ്ഥാന പൊതുമേഖലാ/ സഹകരണ സ്ഥാപനങ്ങളായ CAPEX, Cashew Development Corporation, RAIDCO എന്നിവിടങ്ങളിൽ നിന്നുമാണ് സംഭരിക്കുന്നത്. നെയ്യ് |

| | | | |
|---|---|---|---|
| | | | പൊതുമേഖലാ സ്ഥാപനമായ മിൽമയിൽ നിന്നുമാണ് സംഭരിക്കുന്നത്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഏലയ്ക്ക, തേയില എന്നിവയ്ക്ക് മുൻഗണന നൽകിയാണ് സൗജന്യ കിറ്റിനായി സംഭരിച്ചു വരുന്നത്. കൂടാതെ കിറ്റിൽ ഉൾപ്പെട്ട ശർക്കരവരട്ടി/ഉപ്പേരി എന്നിവയുടെ പർച്ചേസ് ഓർഡർ പരമാവധി കുടുംബശ്രീ യൂണിറ്റുകൾക്കാണ് നൽകിയിട്ടുള്ളത്. |
| (സി) | അഗതിമന്ദിരങ്ങളും അനാഥാലയങ്ങളും ഉൾപ്പെടെ സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങളിലേക്ക് ഭക്ഷ്യക്കിറ്റുകൾ എത്തിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | പൊതുവിതരണ വകുപ്പ് ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തികൊണ്ട് അംഗീകാരമുള്ള ക്ഷേമസ്ഥാപനങ്ങളിലേയ്ക്ക് കിറ്റുകൾ വാതിൽപ്പടിയായി എത്തിച്ചുനൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | കിറ്റുകളുടെ വിതരണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ഡി) | 2022 ഓണത്തിന് മുൻപ് സൗജന്യ കിറ്റ് വിതരണം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | ഭക്ഷ്യക്കിറ്റ് വിതരണത്തിനായി പ്രതീക്ഷിക്കുന്ന ചെലവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (ഇ) | 01.08.2022 ലെ സ.ഉ.(സാധാ) നം. 273/2022/ ഭ.പൊ.വി.വ നം. ഉത്തരവ് പ്രകാരം സൗജന്യ ഓണക്കിറ്റ് വിതരണത്തിനായി സപ്ലൈകോയ്ക്ക് 400 കോടി രൂപ അനുവദിച്ചു കൊണ്ട് ഉത്തരവാകുകയും പ്രസ്തുത തുക സപ്ലൈകോയ്ക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ